പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3823

20.10. 2016-ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യത്തൊഴിലാളി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി.ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി.സി.കെ. ആശ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | സംസ്ഥാനത്ത് മത്സ്യബന്ധനം, മത്സ്യബന്ധന അനുബന്ധ തൊഴിൽ എന്നിവയിൽ ഏർപ്പെടുന്നവരെ തിരിച്ചറിയുന്നതിന് എന്തെങ്കിലും തിരിച്ചറിയൽ രേഖ നല്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും മത്സ്യഅനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡ് മുഖേന പാസ്സ് ബുക്ക് നൽകിയിട്ടുണ്ട്. കൂടാതെ രാജ്യരക്ഷയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശ പ്രകാരം ഫിഷറീസ് വകുപ്പ് മുഖേന ബയോമെട്രിക് ഐഡന്റിറ്റി കാർഡും നൽകിയിട്ടുണ്ട്. |
| (ബി) | "പരമ്പരാഗത മത്സ്യത്തൊഴിലാളി " എന്നതിൽ ആരൊക്കെയാണ് ഉൾപ്പെടുന്നത്; നിലവിൽ മത്സ്യക്കച്ചവടം ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നതും, എന്നാൽ പരമ്പരാഗതമായി മത്സ്യബന്ധനം തൊഴിലായി ചെയ്തു വന്നിരുന്നതുമായ കുടുംബത്തിലെ അംഗമായ ഒരാളെ പരമ്പരാഗത മത്സ്യത്തൊഴിലാളി എന്ന ഗണത്തിൽ പരിഗണിക്കുമോ; | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് പ്രകാരം മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചു വരുന്ന ഒരു കുടുംബത്തിലെ കുടുംബനാഥൻ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കച്ചവടം നടത്തുന്ന ഒരാളെ മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. എന്നാൽ മത്സ്യം കച്ചവടം മാത്രം നടത്തുന്നയാളെ മത്സ്യ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. മത്സ്യത്തൊഴിലാളിയായ കുടുംബനാഥന്റെ ഭാര്യ മത്സ്യം വില്പന നടത്തുകയാണെങ്കിൽ ടി സ്ത്രീയെ മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. |
| (സി) | മത്സ്യബന്ധന അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | മത്സ്യ അനുബന്ധമേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നതിന് തടസ്സങ്ങൾ ഒന്നും നിലവിലില്ല. ഇങ്ങനെയുള്ള സ്ത്രീകൾക്ക് എല്ലാ വർഷവും മേയ് മാസം മുതൽ ഫെബ്രുവരി മാസം അവസാനം വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ അംഗത്വത്തിന് അപേക്ഷ നൽകാവുന്നതാണ്. ടി അപേക്ഷയിൽ അന്വേഷണം നടത്തി ഏപ്രിൽ ഒന്നാം തീയതി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ